ഉത്തരം

(എ & ബി) ഒറ്റപ്പെട്ട ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖാന്തിരം ബാങ്ക് അധികാരികൾക്ക് അയച്ചുകൊടുത്ത് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഇപ്പോൾ പണിഗണനയിലില്ല.

സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ്

29 (29) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രതിവർഷം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ചെലവഴിക്കുന്ന ആകെ തുകയെക്കാൾ കുറഞ്ഞ ചെലവിൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായി ചെലവഴിക്കുന്ന തുക ഉപയോഗിച്ച് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

നിയമന നിരോധനം

30 (30) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമനനിരോധനം ഉണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാർ നിയമിച്ചതിനേക്കാൾ കൂടുതൽ പേരെ സർക്കാർ ജോലിയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ ഗവൺമെന്റ് സൃഷ്ടിച്ചതിനേക്കാൾ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 ഒക്ടോബർ വരെ 109048 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖാന്തിരം നിയമന ശിപാർശ നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 5 വർഷം കൊണ്ട് ആകെ 165408 ഉദ്യോഗാർത്ഥികൾക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ.ചീഫ് വിപ്പ് എന്നിവർ ടെലിഫോൺ ഉപയോഗിച്ച വകയിൽ ചെലവഴിച്ച തുക

31 (31) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ.ചീഫ് വിപ്പ് എന്നിവർ ടെലിഫോൺ ഉപയോഗിച്ച വകയിൽ ചെലവഴിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ ചായ സൽക്കാരത്തിന് എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു*.

(ബി) അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു*.

മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ച തുക

32 (32) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ അതിഥി സൽക്കാരത്തിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly